# Desabhimani

## 31 August 2018

## Kochi, Flood, Assistance, Rotary Club, Financially Backward Persons with Disabilities

# പ്രളയം: ഭിന്നശേഷിക്കാർക്ക് റോട്ടറി ക്ലബ് സഹായം

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരുടെ ഉപകരണങ്ങൾ പ്രളയത്തിൽ നശിക്കുകയോ നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ നൽകും
- 8ന് ഫൈൻ ആർട്സ് ഹാളിൽ 'ഷഹബാസ് പാടുന്നു കൊച്ചിക്കായി'

**കൊച്ചി**

പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന ജില്ലയിലെ ഭിന്നശേഷിക്കാർക്കായി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ കോസ്മോസ് 'കനിവിന്റെ കൈത്താങ്ങ് പ്രത്യേക പുനരധിവാസ പദ്ധതി നടപ്പാക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരുടെ ഉപകരണങ്ങൾ പ്രളയത്തിൽ നശിക്കുകയോ നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ വീണ്ടെടുത്ത് നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വീൽചെയർ, കൃത്രിമ കാലുകൾ, ശ്രവണോപകരണങ്ങൾ, സിപി ചെയറുകൾ, വാക്കറുകൾ, ശരീരം തളർന്ന് പൂർണമായും കിടപ്പിലായവർക്കുള്ള ബെഡ്ഡുകൾ തുടങ്ങിയവയാണ് നൽകുന്നത്. സെപ്തംബർ ആദ്യ ആഴ്ചമുതൽ ഉപകരണങ്ങൾ വിതരണം ചെയ്ത് തുടങ്ങും. എട്ടിന് ഫൈൻ ആർട്സ് ഹാളിൽ നടക്കുന്ന 'ഷഹബാസ് പാടുന്നു കൊച്ചിക്കായി' എന്ന സംഗീതപരിപാടിയിൽ നിന്ന് ലഭിക്കുന്ന തുകയും വ്യക്തികൾ, കോർപറേറ്റ് സ്ഥാപനങ്ങൾ, മറ്റ് ഫൗണ്ടേഷനുകൾ മുതലായവ നൽകുന്ന സഹായങ്ങളും ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. കോസ്മോസ് പ്രസിഡന്റ് കെപി സജു, മുഹമ്മദ് റാഫി, കെ ജി ശ്രീജിത്ത് പണിക്കർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. ഫോൺ: 9207211855, 9207211955.